# അത്തിമരത്തിലെ തത്ത

അത്തിമരത്തിൽ ചില്ലയിലുണ്ടൊരു
തത്തയിരിക്കുന്നു.
അത്തിപ്പഴവും കൊത്തിക്കൊത്തി
തത്തയിരിക്കുന്നു.
അത്തിപ്പഴമാ കാറ്റിൻ ചിറകിൽ
ഊഞ്ഞാലാടുന്നു.
തത്തിനടക്കും അണ്ണാൻകുഞ്ഞതു
കണ്ടു ചിലയ്ക്കുന്നു.



# മിന്നുവിന്റെ പൂമ്പാറ്റ

പൂമ്പാറ്റകൾ പറന്നെത്തി
ഹായ്! എന്തു രസം!
മീനു ഒരു പൂമ്പാറ്റയെ വരച്ചു
ഹായ്! ഭംഗിയുള്ള പൂമ്പാറ്റ!
പൂമ്പാറ്റകൾ വീണ്ടും പറന്നെത്തി
ഒന്നു മാത്രം  പറന്നില്ല,
അപ്പോൾ കാറ്റ് വന്നു
എല്ലാം പറന്നുപൊങ്ങി!



# കടപ്പുറം

കടപ്പുറം
വലിയ കടപ്പുറം
ധാരാളം ആളുകൾ
കൂറ്റൻ തിരമാല!
മീൻപിടുത്തക്കാർ
വള്ളത്തിൽ വരുന്നു

വള്ളം അടുത്തു
വല കുടഞ്ഞു
മീൻ പിടഞ്ഞു
കാക്ക വന്നു
ഒറ്റക്കൊത്ത്!
കൊക്കിൽ മീൻ!!



# പൂച്ചച്ചന്തം

കറുകറുത്ത പൂച്ച
മിനുമിനുത്ത പൂച്ച
കറുമുറേന്നു തിന്നു
ചുകചുകന്ന മത്തൻ.
ചുണ്ടു ചോന്നു പോയി
നാക്കു ചോന്നു പോയി
കണ്ണാടി നോക്കി പൂച്ച
കുടുകുടെ ചിരിച്ചു.



# ഇതേതു മല

"അമ്മേ ഇതേതു മല?"
"കൂമ്പൻമല"
കൂമ്പൻമലയിൽ
പഞ്ഞിമേഘങ്ങൾ നിറഞ്ഞു.

ചിന്നു മുയൽ വീണ്ടും ചോദിച്ചു:
"അമ്മേ ഇതേതു മല?"
"ഭൂതത്താൻ മല"
കാറ്റുവന്നു, മേഘം നീങ്ങി.
മലയ്ക്കു മുകളിൽ
അമ്പിളിമാമൻ നിന്നുചിരിച്ചു.
"അമ്മേ അമ്മേ, ഇപ്പോൾ ഇതേതു മല?"



# അമ്പിളിമാമൻ

കുഞ്ഞൻ മുയലിന്
അമ്പിളിമാമനെ തൊടണം
കുറുക്കൻ പറഞ്ഞു:
"മഞ്ചാടിക്കുന്നിൽ
അമ്പിളിമാമനുണ്ട്."
മഞ്ചാടിക്കുന്ന് പറഞ്ഞു:
"പഞ്ഞിമേഘത്തിൽ
അമ്പിളിമാമനുണ്ട്."
പഞ്ഞിമേഘം പറഞ്ഞു:
"ഇന്നലെയമ്പിളി പുഴയിൽ വീണു!"
കിന്നരിപ്പുഴയിൽ നോക്കി.
അതാ അമ്പിളി ചിരിക്കുന്നു!



# പേടി

"ആരെടാ അവിടെ?"
സിംഹം അലറി.
എലിയും പുലിയും വിറച്ചു
മാനും മുയലും പേടിച്ചു
കീരിയും പാമ്പും പതുങ്ങി
"ഭൂം..."
ഒരു ശബ്ദം.
ഒരു കൂട്ടം കടന്നലുകൾ
എല്ലാവരും ഓടി
സിംഹമാണ് മുന്നിൽ!



# മണിക്കുട്ടി


കിണി കിണി...കിങ്ങിണി
കിങ്ങിണി മണികിലുക്കി
ഓടിപ്പാഞ്ഞ് വരുന്നുണ്ടേ
ചാടിത്തുള്ളി വരുന്നുണ്ടേ
ആട്ടിൻകുട്ടി മണിക്കുട്ടി
സുന്ദരിക്കുട്ടി മണിക്കുട്ടി

“പാല്.. പാല്.. പാലുവേണം”
നിന്നു ചിണുങ്ങി മണിക്കുട്ടി.
“അമ്മേ അമ്മേ എന്തൊരുറക്കം
വെക്കം തായോ..വെക്കം തായോ”
നിന്നു കിണുങ്ങി മണിക്കുട്ടി.
അമ്മയുണർന്നു പാലു
കൊടുത്തു
പാലു കുടിച്ചു, വയറു നിറഞ്ഞു
തുള്ളിച്ചാടി മണിക്കുട്ടി!



# തടിയനും മടിയനും

തടിയൻ തവള "പേക്രോം പേക്രോം"
മടിയൻ തവള "പേക്രോം പേക്രോം"
തടിയൻ തവള ആളൊരു മടിയൻ
മടിയൻ തവള ആളൊരു തടിയൻ
"മടിയാ മടിയാ"തടിയൻ വിളിച്ചു
"തടിയാ തടിയാ" മടിയൻ വിളിച്ചു.
"പേക്രോം പേക്രോം."
അടിയായി പിടിയായി
അടിപിടിയായി
തടിയന്റെ മടിയും പോയി!
മടിയന്റെ തടിയും പോയി!



# അമ്മയെത്തേടി

മുത്തങ്ങാക്കാട്ടിലെ
കുഞ്ഞനാന
ഏങ്ങി ഏങ്ങിക്കരഞ്ഞു.
"ങീ..ങീ..ങീ"
പൂവാലനണ്ണാൻ
കാര്യം തിരക്കി.
"ചിൽ..ചിൽ..ചിൽ.."
ഓടിയോടി
വലിയ മാവിൻചുവട്ടിലെത്തി.

അമ്മയാന നിൽക്കുന്നു
കാലിൽ നിറയെ കെട്ടുകൾ
പാവം നടക്കാൻ കഴിയില്ല
"ചിൽ..ചിൽ..ചിൽ.."
അണ്ണാൻമാർ ഒത്തുകൂടി
കയറു കടിച്ചു മുറിച്ചു.
കുഞ്ഞനാന തുമ്പിക്കൈ
ഉയർത്തി
കൂട്ടുകാരെ നോക്കി
പുഞ്ചിരി പൊഴിച്ചു.



# ചെമ്പ്രമല



ചെമ്പ്രമലയിലെ കുഞ്ഞുകുളത്തിൽ
പച്ചവിരിച്ചതാരാണ്?
"പായലാണ്, പായലാണ്."
ചെമ്പ്രമലയിലെ കുഞ്ഞുകുളത്തിൽ
വിരിഞ്ഞ് നിൽക്കുവതാരാണ്?
"ആമ്പലാണ്, ആമ്പലാണ്."
ചെമ്പ്രമലയിലെ കുഞ്ഞുകുളത്തിൽ
ചിരിച്ചു നിൽക്കുവതാരാണ്?
"ഞാനാണ് ഞാനാണ്..."

# കൂട്ടുകാർ

ഉമ്മുക്കുട്ടിക്ക് മോഹം..
പുള്ളിക്കുടയുമായ് മഴയിൽ
നടക്കണം.
പുള്ളിക്കുടയ്ക്ക് മോഹം..
ഉമ്മുക്കുട്ടിയോടൊത്ത് മഴ
നനയണം.
എന്നാലോ.. മഴ മാത്രം വന്നില്ല.
"നാളെ വരും, നാളെവരും."
രണ്ടാളും കാത്തിരുന്നു
മഴ വന്നില്ല
രണ്ടുപേർക്കും സങ്കടം.

'ഠോ..' ഇടിവെട്ടി
'ശ്..ശ്..'കാറ്റു വീശി
'ശിർ..' "ഹായ് മഴ!"
ഉമ്മുക്കുട്ടി ഓടിയിറങ്ങി
കുട ചാടിയിറങ്ങി
രണ്ടുപേരും മഴ നനഞ്ഞു
രണ്ടുപേർക്കും മനം നിറഞ്ഞു!



## മഴ വന്നപ്പോൾ

വലിയ മതിലുണ്ടാക്കി.
അച്ഛൻ പറഞ്ഞു:
"ആരും കടന്നു കയറാതിരിക്കാനാ".
നായയെ വാങ്ങിയിട്ട്
അച്ഛൻ പറഞ്ഞു:
"കള്ളൻമാരെ ഓടിക്കാനാ".
ഗേറ്റ് പൂട്ടി താഴിട്ട്
അച്ഛൻ പറഞ്ഞു:
"ആരും കയറാതിരിക്കാനാ".

മാനം കറുത്തു.. മഴപെയ്തു..
പുഴ നിറഞ്ഞു.. കര കവിഞ്ഞു..
വെള്ളം മുറ്റത്തേക്ക് ഒഴുകിയെത്തി.
പൂമുഖത്തേക്ക്, വീടിനുള്ളിലേക്ക്...
നായ കുരച്ചില്ല
മതിലു തടുത്തില്ല
പൂട്ടു തടഞ്ഞില്ല
മഴ തിമർത്തു പെയ്തു,
മഴ ആർത്തു ചിരിച്ചു!



# സൂര്യന്റെ കഥ

ആമിയെന്ന പെൺകുട്ടി
എന്നും കടൽക്കരയിൽ പോകും.
കടലിലേക്ക് മുങ്ങുന്ന സൂര്യനെ
അത്ഭുതത്തോടെ നോക്കും.
"സൂര്യന്റെ വീട് എവിടെയാ?"
സൂര്യൻ ചിരിക്കും. ഒന്നും പറയില്ല.
പിറ്റേന്നും വരുമ്പോൾ അത്ഭുതം കൂറും.
"രാത്രിയിൽ എവിടെയാ പോകുന്നത്?"
സൂര്യൻ അപ്പോഴും ചിരിക്കും.



# മഴമോഹം

വേനൽ വന്നു
പുഴകൾ വറ്റി
പൂക്കൾ വാടി
പുല്ല് കരിഞ്ഞു.
ഇല പൊഴിഞ്ഞ,
ചെടിയുണങ്ങി,
പക്ഷികൾ പറന്നുപോയി.
കുട്ടി ആകാശത്തേക്ക് നോക്കി
മേഘങ്ങളോട് ചോദിച്ചു:
"ഒന്ന് പെയ്തിറങ്ങുമോ?"



# മഴയും കുട്ടിയും

കിച്ചു സ്കൂളിലേക്ക് ഓടി.
മഴ വരുന്നു.. പെരുമഴ!
അവൻ കൈയിലിരുന്ന സ്ലേറ്റ് തലയിൽ വച്ചു.
'ടിം..ടിം..ടിം..' മഴത്തുള്ളികൾ വീണു.
ഇന്നലെ ചെയ്തകണക്ക്
മഴയിൽ അലിഞ്ഞുപോയി.
എന്തു പറയും ടീച്ചറോട്?
അവൻ കരഞ്ഞു.
ടീച്ചർ സ്ലേറ്റു വാങ്ങി
തുടച്ചു വൃത്തിയാക്കി
അതിൽ നല്ലൊരു ചിത്രം വരച്ചു,
കിച്ചുവിന് സന്തോഷമായി!



# കാട്ടിലെ പാട്ട്


കുഞ്ഞൻ കുരങ്ങന്
പാട്ട് വേണം.
ആരും പാടാത്ത
ഒരു പാട്ട് വേണം.
"തവളകൾ ചാടി രസിക്കുന്നു
പ്ലും..പ്ലും..പ്ലും..
മാനുകൾ ഓടിപ്പോകുന്നു
ടപ്പ്..ടപ്പ്..ടപ്പ്..
അണ്ണാൻ കുഞ്ഞ് ചിലയ്ക്കുന്നു
ചിൽ..ചിൽ..ചിൽ..
പ്ലും..പ്ലും..പ്ലും...
ടപ്പ്..ടപ്പ്..ടപ്പ്..
ചിൽ..ചിൽ..ചിൽ.."
കാടൊരു പാട്ടിൻ തേനരുവി.



# കുഞ്ഞിക്കുരുവികൾ

"കീ..കീ..കീ.."
കുഞ്ഞിക്കുരുവികൾ നീട്ടിക്കരഞ്ഞു.
ഉണ്ണിക്കുട്ടൻ ഞെട്ടിയുണർന്നു
ജനാലയിലൂടെ പുറത്തേക്കു നോക്കി.
ഹയ്യാ! അശോകത്തെച്ചിയിൽ രണ്ടു കുരുവികൾ!
ചാടുകയും ചിലയ്ക്കുകയും ചെയ്യുന്നു
അവൻ പുതപ്പ് വലിച്ചെറിഞ്ഞു, മുറ്റത്തേക്കോടി.
അശോകത്തെച്ചിയിലെ കൂട്ടിൽ
മുട്ടകൾ കാണാനില്ല!
ഹായ്! മുട്ടകൾ വിരിഞ്ഞിരിക്കുന്നു!
അവൻ തുള്ളിച്ചാടി
കൂട്ടുകാരോട് പറയണം.
അവനന്ന് സ്കൂളിൽ പോകാൻ
നല്ല ഉത്സാഹമായിരുന്നു.





# ആകാശയാത്ര

ചുവന്ന പട്ടവും നീലപ്പട്ടവും
ചരട് മുറിച്ചുകളഞ്ഞ്
പറന്നു പറന്നു വന്നത്
പാടത്തിനു മുകളിൽ.
"നിങ്ങളെങ്ങോട്ട്?"
കുഞ്ഞുക്കുരുവി ചോദിച്ചു.
"മുന്നോട്ട് മുന്നോട്ട്."
പറന്നു പറന്ന്
കുന്നിനു മുകളിൽ.
"നിങ്ങളെങ്ങോട്ട്?"
മരം ചോദിച്ചു.
"മുന്നോട്ട്, മുന്നോട്ട്."
പറന്നു പറന്ന്
പുഴയ്ക്കു മുകളിൽ.
"നിങ്ങളെങ്ങോട്ട്?"
മീൻ ചോദിച്ചു.
"മുന്നോട്ട് മുന്നോട്ട്."
കുഞ്ഞിക്കുരുവിയും
മരവും മീനും
ഏറ്റു പറഞ്ഞു.
"മുന്നോട്ട് മുന്നോട്ട് മുന്നോട്ട്."



# കീയോം കീയോം

കോഴിയില്ലാത്ത തക്കം നോക്കി
കുട്ടൻ മുട്ട പെറുക്കി
ഒന്ന്, രണ്ട്, മൂന്ന്, നാല്...
കുട്ടയിൽ വച്ചു.
കുട്ടനുണ്ടോ അറിയുന്നു
മുട്ട വിരിയാറായെന്ന്
കുട്ടൻ കുട്ടയുമായി നടന്നു.
തള്ളക്കോഴി പാറിവന്നു
കുട്ടയിലിരുന്നു.
നടന്നു നടന്ന് കടയിലെത്തി
'കടമുടക്കം.'
നടന്നു നടന്ന് വീട്ടിലെത്തി
കുട്ടയിറക്കി.
കോഴിക്കുഞ്ഞ് കരഞ്ഞു
കീയോം..കീയോം.



# മീൻപിടിത്തം

വെള്ളം നിറഞ്ഞ പാടം
മീനുകൾ കുത്തിമറിയുന്നു.
കുട്ടുമീൻ മുകളിലേക്ക് ചാടി
അവൻ മൂന്നുപേരെ കണ്ടു.
"എന്റമ്മേ.. ചൂണ്ടയുമായി
ആ പിള്ളേർ വന്നിട്ടുണ്ട്."
കൂട്ടുകാരോട് വിവരം പറഞ്ഞു.
എന്തെങ്കിലും ബുദ്ധി കാട്ടിയില്ലെങ്കിൽ..
അവർ ചൂണ്ടയിൽ ഇര കോർത്തു.
വെള്ളത്തിലേക്ക് സൂക്ഷിച്ചു നോക്കി.
എന്തോ ഒരു നിഴൽ.. വലിയ നിഴൽ...
"അയ്യോ! അമ്മേ.."
അവർ നിലവിളിച്ചു. "മുതല..മുതല".
അവർ ചൂണ്ടയുമെറിഞ്ഞ് ഓടിപ്പോയി
കുട്ടുമീനും കൂട്ടുകാരും പിരിഞ്ഞുപോയി.
മുതലയുടെ രൂപം ഇല്ലാതായി.



# മുട്ട വിരിഞ്ഞു

കാക്കച്ചിയും കുയിലമ്മയും
രാവിലെ വഴക്ക് തുടങ്ങി.
കാക്കച്ചി വിളിച്ചു:
"കള്ളിക്കുയിലേ".
കുയിലമ്മ വിളിച്ചു പറഞ്ഞു.
"നെയ്യപ്പം കട്ടവളേ"
"എന്റെ മുട്ടകൾ താ"
കുയിലമ്മ പറഞ്ഞു.
"ഞാനെടുത്തില്ല". കാക്കച്ചി പറഞ്ഞു.
പെട്ടെന്നതാ രണ്ടു മുട്ടകൾ വിരിയുന്നു!
ഒന്നിൽ നിന്ന് കാക്കക്കുഞ്ഞ്.
"ക്രാ... ക്രാ..."
മറ്റൊന്നിൽ
കുഞ്ഞിക്കുയിൽ.
"കൂ... കൂ..."
കാക്കച്ചിക്കും കുയിലമ്മയ്ക്കും സന്തോഷമായി.





